പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-2067 05.12.2018 ൽ മറുപടിയ്ക്ക്

## സംസ്ഥാന പോലീസ് സേനക്ക് ലഭിച്ച അംഗീകാരങ്ങളും പുരസ്കാരങ്ങളും

| ചോദ്യം<br>ശ്രീ. യു.ആർ പ്രദീപ് | | മറുപടി<br>പിണറായി വിജയൻ (മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയുടെ പ്രവർത്തന മികവിനുള്ള അംഗീകാരമായി ലഭിച്ച ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ ഏതെല്ലാം;വിശദാംശം വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ കൊടുക്കുന്ന ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ കേരള പോലീസ് സേനയുടെ പ്രവർത്തന മികവിനുള്ള അംഗീകാരമായി ലഭിച്ചിട്ടുണ്ട്.<br>1) UMI (Urban Mobility India) Award-2017 for excellence in Urban Transport.<br>2)SKOCH Governance Award -2018.<br>3)DSCI Award (Data Security Council of India)2017.<br>4) സൈബർ സെക്യൂരിറ്റി വിഭാഗത്തിൽ 2018 ലെ FICCI Smart Policing Award. (കേരളാ പോലീസ് സേനയുടെ ഭാഗമായി സൈബർ ഡോമിന്).<br>5) Security Watch India (SWI) Innovation and Excellence Awards 2016 ൽ "Innovative use of Technology in Cyber Security" എന്ന വിഭാഗത്തിൽ കേരളാ പോലീസ് സേനയുടെ ഭാഗമായ സൈബർ |

| | | | |
|---|---|---|---|
| | | | ഡോമിന് അംഗീകാരം ലഭിച്ചിട്ടുണ്ട് .<br>6)എറണാകുളം റൂറൽ ജില്ലയിൽ പാസ്പോർട്ട് അപേക്ഷയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രാലയത്തിൽ നിന്നും ഈ വിഭാഗത്തിൽ ഏറ്റവും വേഗതയിലും, പൂർണ്ണമായും ശരാശരി രണ്ട് ദിവസത്തിനുള്ളിൽ വെരിഫിക്കേഷൻ പൂർത്തിയാക്കി രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തിയതിന് എറണാകുളം റൂറൽ ജില്ലയ്ക്ക് ദേശീയ അംഗീകാരം.<br>7) രാജ്യത്തെ മികച്ച പത്ത് പോലീസ് സ്റ്റേഷനുകളിൽ ഒന്നായി കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്..<br>8)ഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർ നാഷണൽ ട്രേഡ് ഫെയറിൽ(2016 നവംബർ) (ഡിജിറ്റൽ ഇന്ത്യ തീം) കേരള പവലിയൻ ഗോൾഡ് മെഡൽ കരസ്ഥമാക്കി. അതിൽ കേരളാ പോലീസ് പവലിയൻ Best Exhibitor അവാർഡിന് അർഹമായി.<br>9)അറുപതാമത് ദേശീയ പോലീസ് ഡ്യൂട്ടി മീറ്റിൽ (2016 ഡിസംബർ) കേരളാ<br>പോലീസ് സേനയിൽപ്പെട്ടവർക്ക് കംപ്യൂട്ടർ പരിജ്ഞാന വിഭാഗത്തിൽ മെഡലുകൾ .<br>10) സി.സി.റ്റി.എൻ.എസ് പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2018 ൽ(സി.സി.റ്റി.എൻ.എസ് ബെസ്റ്റ് പ്രാക്ടീസ്, സക്സസ് സ്റ്റോറി എന്നീ വിഭാഗത്തിൽ) കേരളാ പോലീസിലെ നാല് ഉദ്യോഗസ്ഥർക്ക് എം.എച്ച്.എ./ |

| | | | |
|---|---|---|---|
| | | | എൻ.സി.ആർ.ബി പുരസ്കാരങ്ങൾ.<br>11) കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിന് ISO 9001:2015 പദവി. |

സെക്ഷൻ ഓഫീസർ.